**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2921** **22.6.2012-ൽ മറുപടിക്ക്**

**ഇ-വേയ്സ്റ്റ് നിർമ്മാർജ്ജനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ ഇലക്ട്രോണിക് അവ ശിഷ്ടങ്ങൾ അടിഞ്ഞുകൂടുന്നത് തട യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത (ഇ-വേസ്റ്റ് ചട്ടങ്ങൾ) 2012 മേയ് മാസം മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിലായി ട്ടുണ്ട്. ഈ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു. ഇതിന്റെ പ്രാരംഭനടപടിയായി ഇ-വേസ്റ്റ് ഉൽപ്പാദകരുടെ/ കൈകാര്യം ചെയ്യുന്നവരു ടേയും ഒരു ഇൻവെന്ററി ബോർഡ് തയ്യാറാ ക്കാൻ നടപടികൾ ആരംഭിച്ചു. ഇ-വേസ്റ്റ് ചട്ടപ്രകാരം ഇ-വേസ്റ്റ് പൊളിച്ചു മാറ്റുകയോ (dismantle), റീ-സൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെ ക്കൊണ്ട് അനുമതികൾ എടുപ്പിക്കുന്ന തിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഉപയോഗശൂന്യമായ ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനത്തിനായി അംഗീകൃത ഏജൻസിക്ക് എത്തിക്കുക, ബ്രാൻഡഡ് അല്ലാത്ത ഇ-വേസ്റ്റ് |

നഗരഖരമാലിന്യത്തിൽ കലരാതെ വഴിതിരിച്ചു വിടുക, അംഗീകൃത കളക്ഷൻ സെന്ററിലേക്കോ റീസൈക്ലറുകൾക്കോ എത്തിച്ചുകൊടുക്കുക എന്നീ ചുമതലകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

| | | | |
|---|---|---|---|
| ബി) | ഇ-വേയ്സ്റ്റ് നിർമ്മാർജ്ജനത്തിന് പുതിയ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |
| സി) | സെക്കന്റ് ഹാന്റ് ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ വിദേശത്തു നിന്നും ഇവിടേയ്ക്ക് വൻതോതിൽ എത്തുന്നത് ഇ-വേയ്സ്റ്റ് കൂടുന്നതിന് കാരണമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & ഡി) | സെക്കന്റ് ഹാന്റ് ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ വിദേശത്തു നിന്നും ഇറക്കുമതി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ